# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. - 1471      03.12.2015- ൽ മറുപടിക്ക്

## തൃക്കടാരിപ്പൊയിൽ - ഇടുമ്പ - കണ്ണമം റോഡ് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.പി. ജയരാജൻ | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ - ഇടുമ്പ - കണ്ണമം റോഡ് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബഹു: സുപ്രീംകോടതി അന്തിമ വിധി പ്രസ്താവിച്ചതെന്നാണെന്ന് വ്യക്തമാക്കുമോ; | (എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ - ഇടുമ്പ - കണ്ണവം റോഡ് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട C.A No.6086/2015 @ SLP(C) No.19380/2014 നമ്പർ കേസിൽ ബഹു. സുപ്രീം കോടതി 14.08.2015-ന് അന്തിമ വിധി പുറപ്പെടുവിച്ചു. |
| (ബി) പ്രസ്തുത വിധി പ്രകാരം റോഡ് നിർമ്മാണം പൂർത്തീകരിക്കുവാൻ പൊതുമരാമത്ത് വകുപ്പ് കൈക്കൊണ്ട തുടർ നടപടികൾ വിശദീകരിക്കുമോ; | (ബി) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ എഗ്രിമെന്റ് പ്രകാരം ബാക്കി ചെയ്യാനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 26.11.2015-ൽ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ അംഗീകരിച്ചിട്ടുണ്ട്. പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് കോഴിക്കോട് നോർത്ത് സർക്കിൾ നിരത്തുകളും പാലങ്ങളും വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത റോഡ് നിർമ്മാണം എപ്പോൾ പൂർത്തീകരിക്കും എന്ന് വ്യക്തമാക്കുമോ? | (സി) ടെണ്ടർ ചെയ്ത്, കരാർ ഉടമ്പടി ഒപ്പുവച്ച്, 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ